**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2291** **12-02-2024 - ൽ മറുപടിയ്ക്ക്**

**അർബൻ പോളി ഡെന്റൽ ഹൈജീനിസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പിൽ എൻ.എച്ച്.എം. പദ്ധതി പ്രകാരം ഡെന്റൽ പോളി ക്ലിനിക്കുകൾ ആരംഭിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഡെന്റൽ ഹൈജീനിസ്റ്റ് തസ്തിക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തസ്തികയാണെന്ന് അറിയിക്കാമോ; | (എ) | ആരോഗ്യ വകുപ്പിൽ എൻ.എച്ച്.എം. പദ്ധതി പ്രകാരം ഡെന്റൽ പോളി ക്ലിനിക്കുകൾ ആരംഭിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഡെന്റൽ ഓക്സിലിയറി സ്റ്റാഫിന്റെ തസ്തിക രൂപീകരിക്കുന്നത് എൻ.എച്ച്.എം വഴി ആണ്. ഇതിൽ ഓരോ യൂണിറ്റുകളിലേക്കും ആവശ്യമായ ഡെന്റൽ മെക്കാനിക്/ഡെന്റൽ ഹൈജീനിസ്റ്റ്/ഡെന്റൽ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ് തസ്തികൾ ഉണ്ടായിരിക്കുന്നതാണ്. നിലവിൽ സർക്കാർ ഉത്തരവ് (സ.ഉ.(സാധാ) നം. 1078/2023/തസ്വഭവ തീയതി 20-05-2023) പ്രകാരം സംസ്ഥാനത്ത് 40 അർബൻ പോളി ക്ലിനിക്കുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ട്. |
| (ബി) | എൻ.ഒ.എച്ച്.പി. പദ്ധതി പ്രകാരം ഡെന്റൽ ഹൈജീനിസ്റ്റ് തസ്തിക വേണമെന്നിരിക്കെ തികച്ചും വിഭിന്നമായ ഡെന്റൽ അസിസ്റ്റന്റ് തസ്തിക മാത്രം സൃഷ്ടിക്കുന്നത് പുനഃപരിശോധിക്കുമോ; | (ബി) | എൻ.ഒ.എച്ച്.പി. പദ്ധതി പ്രകാരം ഡെന്റൽ ഓക്സിലിയറി സ്റ്റാഫുകളായ ഡെന്റൽ മെക്കാനിക്/ ഡെന്റൽ ഹൈജീനിസ്റ്റ്/ഡെന്റൽ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ് തസ്തികകൾ ഉണ്ടായിരിക്കുന്നതാണ്. |
| (സി) | ഡെന്റൽ പോളി ക്ലിനിക്കിൽ ഡെന്റൽ ഹൈജീനിസ്റ്റുകളുടെ സേവനം ഉറപ്പുവരുത്തി ജോലി ഉത്തരവാദിത്തങ്ങൾ നിർവചിക്കുവാൻ നടപടി സ്വീകരിക്കാമോ; | (സി) | ഡെന്റൽ ഹൈജീനിസ്റ്റുകളുടെ സേവനം നിർവചിക്കുന്ന സ.ഉ. (സാധാ)നം.2167/1987/ ആ.കു.വ തീയതി, 17/07/1987 പ്രകാരം ഡെന്റൽ പോളി ക്ലിനിക്കിൽ ഡെന്റൽ ഹൈജീനിസ്റ്റുകളുടെ സേവനം ഉറപ്പ് വരുത്തിയിട്ടുണ്ട്. |
| (ഡി) | ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ നിയമ പ്രകാരം അസിസ്റ്റൻസും ഡെന്റൽ ഹൈജീനിസ്റ്റും തികച്ചും വ്യത്യസ്തങ്ങളായ തസ്തികകളാണെന്ന വസ്തുത ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട് |
| (ഇ) | ഡെന്റൽ ഹൈജീനിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിന് പകരം ഡെന്റൽ അസിസ്റ്റന്റ് ആയി ഡെന്റൽ ഹൈജീനിസ്റ്റുകളെ നിയമിക്കാനുള്ള തീരുമാനം പിൻവലിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഇ) | തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ